പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 476 — 29.06.2011 - ൽ മറുപടിക്ക്

## സാംക്രമിക രോഗങ്ങൾ തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പലയിടങ്ങളിലും, പ്രത്യേകിച്ച് ആലപ്പുഴ ജില്ലയിൽ, സാംക്രമിക രോഗങ്ങൾ പടരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? | (എ) സാംക്രമികരോഗങ്ങൾ പടർന്നു പിടിക്കാനുള്ള സാഹചര്യം നിലവിലില്ല. എന്നാൽ കഴിഞ്ഞ രണ്ടുമാസമായി ആലപ്പുഴ ജില്ലയിലും, കൊല്ലം ജില്ലയുടെ വടക്കുഭാഗത്തും ജപ്പാൻ ജ്വരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ മലമ്പനി തിരുവനന്തപുരം, കാസർഗോഡ് ജില്ലകളുടെ തീരപ്രദേശങ്ങളിലും ചെറിയ തോതിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ല യിൽ ഡെങ്കിപ്പനിയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വയറിളക്കരോഗം പാലക്കാട്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2011 ജനുവരി മുതൽ നാളിതുവരെ സംസ്ഥാനത്ത് 8 എച്ച്1 എൻ1 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇവയെല്ലാം നിയന്ത്രണ വിധേയമാണ്. |
| (ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) ആലപ്പുഴ ജില്ലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പകർച്ച വ്യാധികൾ തടയുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി ~~നിർദ്ദേശ പ്രകാരം~~ 6,08,000/- രൂപ അനുവദിച്ചിട്ടുണ്ട്. മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി സംസ്ഥാന തലത്തിലും, ജില്ലാ തലങ്ങളിലും, പഞ്ചായത്ത് തലങ്ങളിലും വിവിധ വകുപ്പുകളുടെയും, ആരോഗ്യ പ്രവർത്തകരുടെയും ജനനേതാക്കളുടെയും സംയുക്ത യോഗം കൂടുകയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജനം, കൊതുക് കൂത്താടി ഉറവിട നശീകരണം, ഓട വൃത്തിയാക്കൽ, ആരോഗ്യ ബോധവൽക്കരണം എന്നിവ പല സ്ഥലങ്ങളിലും നടന്നു വരുന്നു. |

| | |
|---|---|
| | കൂടാതെ രോഗമുള്ളവരെ തുടക്കത്തിലെ കണ്ടുപിടിക്കുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനും വേണ്ട സംവിധാനങ്ങൾ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ